**ക്രമപ്രശ്നം**

ശ്രീ. വി. ഡി. സതീശൻ: സർ, 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സഭയിൽ കൊണ്ടുവരികയുണ്ടായി. ആദ്യം ബി.എ.സി. കൂടി തീരുമാനിച്ചതും സർക്കാർ തീരുമാനിച്ചതും അത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കാനാണ്. എന്നാൽ ഈ ബിൽ സഭയിൽ കൊണ്ടുവന്നപ്പോൾ പ്രതിപക്ഷവും ഭരണപക്ഷവും തമ്മിലുള്ള ഒരു സമവായത്തിന്റെ അടിസ്ഥാനത്തിൽ, അത് സെലക്ട് കമ്മിറ്റിക്ക് അയച്ച് കാലതാമസം വരുത്തേണ്ടെന്നും ഈ സഭയിൽ തന്നെ പാസ്സാക്കാമെന്നും തീരുമാനിച്ചു. ഇത് 2010-ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ ഒരു നിയമമാണ്. കുറച്ച് സംസ്ഥാനങ്ങൾ ഇത് അംഗീകരിച്ചു. നാലോ അഞ്ചോ സംസ്ഥാനങ്ങൾ മാത്രമേ ഇനി പരിഗണിക്കേണ്ടതായുള്ളൂ. ആയതിനാലാണ് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത് പാസ്സാക്കണമെന്ന് തീരുമാനിച്ചിരുന്നത്. എന്നാൽ സബ്ജക്ട് കമ്മിറ്റിയിൽ അയച്ചതിനുശേഷം, ഒരു സെലക്ട് കമ്മിറ്റി ഉണ്ടാകുമായിരുന്നെങ്കിൽ എങ്ങനെയാണ് സംഭവിക്കുന്നത് അതുപോലെ തന്നെ തെളിവെടുപ്പ് നടത്താൻ സബ്ജക്ട് കമ്മിറ്റി ബിൽ മാറ്റിവച്ചു.

ഒരു സബ്ജക്ട് കമ്മിറ്റിക്ക് തെളിവെടുപ്പ് നടത്താനുള്ള അധികാരത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഈ സഭയിലുണ്ടായ കൺസെൻസസ്സ്, സർക്കാർ സമ്മതിച്ച കാര്യം, ഈ സഭയുടെ പർപ്പസ്സ് എന്തായിരുന്നു, അതിനെ ഡിഫീറ്റ് ചെയ്യുന്ന തരത്തിൽ, ഈ ബിൽ സഭയിൽ പാസ്സാക്കാതെ വീണ്ടും തെളിവെടുപ്പിന് മാറ്റിവച്ച നടപടി ശരിയല്ലെന്ന് സഭ മുമ്പാകെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയത്തെ സംബന്ധിച്ച് റൂളിംഗ് ഉണ്ടായിരിക്കുന്നതാണ്.